# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവൺമെന്റ് ന്യൂ എൽപിഎസ് കമുകുംചേരി



## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കൊല്ലം |
| സ്കൂൾ കോഡ് | : | 4011 |
| സ്കൂളിന്റെ പേര് | : | ഗവൺമെന്റ് ന്യൂ എൽപിഎസ് |
| | | കമുകുംചേരി പി ഒ |
| | | പിറവന്തൂർ കൊല്ലം ജില്ല 689696 |
| ഫോൺ നമ്പർ | : | 9946600152 |
| ഇമെയിൽ അഡ്രസ് | : | gnlpskamukumchery@gmail.com |
| ഗ്രാമപഞ്ചായത്ത് | : | പിറവന്തൂർ |
| വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | പുനലൂർ |
| ക്ലാസുകൾ | : | പ്രീപ്രൈമറി 1 മുതൽ 4 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠന മാധ്യമം | : | മലയാളം |

ആമുഖം:

കൊല്ലം ജില്ലയുടെ ഏകദേശം കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന പിറവന്തൂർ ഗ്രാമപഞ്ചായത്തിലാണ് ഗവൺമെൻറ് ന്യൂ എൽ പി സ്കൂൾ. പാഠ്യ പാഠ്യേതര രംഗത്ത് ജില്ലാതലത്തിൽ മാതൃകയായി നിലകൊള്ളുന്ന സ്കൂൾ ആണിത്. ഉപജില്ലാ കലോത്സവത്തിൽ എൽ പി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാനും എൽ എസ് എസ് മുതലായ മത്സരപരീക്ഷകളിൽ ഫലപ്രദമായ പരിശീലനത്തിലൂടെ മികമാർന്ന വിജയം നേടാനും കഴിയുന്നുണ്ട്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്കായി ചെണ്ട, വയലിൻ, സംഗീതം , കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ചിത്രരചന മുതലായ ക്ലാസുകൾ നടത്തുന്നുണ്ട്.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎയുടെ ഇടപെടലും പൂർവവിദ്യാർത്ഥികൾ,നാട്ടുകാർ,ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. കൂടാതെ ഹരിതഭംഗിയാർന്ന സ്കൂൾ പരിസരം,ശിശു സൗഹൃദമായ അന്തരീക്ഷം എന്നിവയുണ്ട്. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. സ്കൂളിന്റെ മികവിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമായി ഇത് കണക്കാക്കാൻ കഴിയും. മികവ് നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കാനുള്ള ഒരു ശ്രമമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിലൂടെ ഉദ്ദേശിക്കുന്നത്.

വിദ്യാലയ ചരിത്രം: കമുകുംചേരി ന്യൂ എൽപിഎസിന്റെ തുടക്ക പ്രവർത്തനങ്ങൾ 1940 45 കാലഘട്ടത്തിലാണ് നടന്നത്. ശ്രീ കളത്തിൽ വേലായുധൻ നായർ മന്ത്രിയായിരുന്നപ്പോൾ ആണ് വിദ്യാലയത്തിന് അനുവാദം ലഭിക്കുന്നത്

നാട്ടിൽ നിന്നും പിരിവെടുപ്പ് നടത്തിയാണ് കെട്ടിടം പണിക്ക് വേണ്ട തടി ഉൾപ്പെടെയുള്ള സാധനങ്ങൾ ശേഖരിച്ചത്. സ്കൂൾ പണിത സ്ഥലത്തിന് തൊട്ടുചേർന്നുണ്ടായിരുന്ന കാവിൽ നിന്നും വെട്ടി അർപ്പിച്ച് എടുത്ത തടിയും അർപ്പിച്ചെടുത്ത തടിയും നാട്ടിൽ നിന്ന് ശേഖരിച്ച ഓലയും ആണ് ഉപയോഗിച്ചത്. ആണി,കമ്പി,വിജാഗിരി വാങ്ങുകയായിരുന്നു. ഇപ്പോൾ സ്കൂളിന്റെ പ്രധാന കെട്ടിടം നിലനിൽക്കുന്ന തറയിലാണ് സ്കൂൾ കെട്ടിടം അന്നു പണിഞ്ഞത്. കെട്ടിടത്തിന് വെട്ടുകല്ല് വെട്ടിക്കെട്ടിയ അരഭിത്തിയായിരുന്നു നിർമ്മിച്ചത്. തറ തല്ലിത്തളിച്ച് ഉണ്ടാക്കിയതായിരുന്നു.   തെക്കേക്കര പ്രൈമറി സ്കൂൾ ഉണ്ടായിരുന്നതുകൊണ്ട് ഈ വിദ്യാലയത്തിന് ന്യൂ എൽപിഎസ് എന്ന പേര് ലഭിച്ചു. ഒന്നാം ക്ലാസ് തുടങ്ങിയപ്പോൾ പ്രധാനാധ്യാപകനും അധ്യാപകനുമായി രാമൻ പിള്ള സാറിനെ നിയമിച്ചു. സഹ അധ്യാപികയായി ചാങ്ങേൽ പടിഞ്ഞാറ്റതിൽ ജാനകിയമ്മ സാറിനെയും നിയമിച്ചു. വർഷങ്ങൾ കഴിഞ്ഞ് രണ്ടും മൂന്നും നാലും ക്ലാസുകൾ ആയപ്പോൾ കരകരപ്പിള്ളി നാണിയമ്മ സാർ,പിറവന്തൂരിൽ നിന്നും മാധവി സർ എന്നിവരെ നിയമിച്ചു. പി ടി മീനിയലായി കല്ലൂർ വീട്ടിൽ കൃഷ്ണൻ നായരെ നിയമിച്ചു.

**വിദ്യാലയം ഇന്ന്** : 6 അധ്യാപകരും 3 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. പ്രീ പ്രൈമറിയിൽ 51 കുട്ടികൾ, പ്രൈമറി വിഭാഗത്തിൽ 107 കുട്ടികൾ. പിറവന്തൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ എൽഎസ്എസ് സ്കോളർഷിപ്പുകൾ ഈ വിദ്യാലയത്തിലാണ് ലഭിക്കുന്നത്. പുനലൂർ ഉപജില്ലാ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യന്മാരാണ്. കൊല്ലം ജില്ലയിൽ ആദ്യമായി ജെൻഡർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കിയ വിദ്യാലയമാണ്. പ്രീ പ്രൈമറി വിഭാഗത്തിൽ വർണ്ണ കൂടാരം പദ്ധതി പൂർത്തീകരിച്ചു. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

**അക്കാദമികം മികവുകൾ:**

പിറവന്തൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ എൽ എസ് എസ് സ്കോളർഷിപ്പുകൾ സ്ഥിരമായി നേടുന്നത് ഗവൺമെൻറ് ന്യൂ എൽപിഎസ് ആണ്. മികച്ച നിലയിലുള്ള പരിശീലനമാണ് കുട്ടികൾക്ക് നൽകുന്നത്. പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വൈകുന്നേരം അധിക സമയമെടുത്ത് പ്രത്യേക പരിശീലനം നൽകുന്നു. പഠനത്തോടൊപ്പവും പ്രത്യേകമായും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം നൽകുന്നു. ഗണിതത്തിനായി ഗണിത ലാബ് പ്രവർത്തിക്കുന്നു. ശാസ്ത്ര പരീക്ഷണങ്ങൾ,സ്വയം പ്രവർത്തനങ്ങൾ ഇവ നൽകുന്നുണ്ട്.ഐസിടിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് മികവ് വർദ്ധിപ്പിക്കുവാൻ കഴിയുന്നു

പ്രീ പ്രൈമറി വിഭാഗത്തിൽ കളി ഉപകരണങ്ങൾ,ഇൻഡോർ ഔട്ട്ഡോർ പാർക്കുകൾ.ഐസിടി ഉപകരണങ്ങൾ ഇവയുടെ സഹായത്തോടെ ആണ് പഠനം നടക്കുന്നത്. ശാസ്ത്രമേളകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി അധ്യാപികയെ നിയമിച്ചിട്ടുണ്ട്.

**അക്കാദമികേതര പ്രവർത്തനങ്ങൾ**:

2019 മുതൽ സ്കൂളിലെ കുട്ടികൾക്കായി പ്രശസ്ത കഥകളിച്ചെണ്ട വിദഗ്ധൻ ശ്രീ മാർഗീ വേണുഗോപാലിന്റെ ശിക്ഷണത്തിൽ ചെണ്ട പഠനം ആരംഭിച്ചു. തായമ്പക അരങ്ങേറ്റത്തിന് ശേഷം ഈ വർഷം ആദ്യം പഞ്ചാരി അരങ്ങേറ്റവും നടത്തി. ഞായറാഴ്ച ദിവസങ്ങളിൽ ആണ് ചെണ്ട പഠനം നടക്കുന്നത്

**സംഗീത ക്ലാസുകൾ** കുട്ടികളുടെ കലാപരവും സംഗീതപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി സംഗീത പരിശീലനം നൽകുന്നുണ്ട്.

**ചിത്രരചന**യിൽ മികവുപുലർത്തുന്നവർക്കായി ചിത്രകല അധ്യാപകന്റെ സേവനം ലഭ്യമാണ്.

ഞായറാഴ്ചകളിൽ കുട്ടികൾക്ക് **വയലിൻ** പഠിപ്പിക്കുന്നു കൂടാതെ നാട്യകല അക്കാദമിയുടെ സഹകരണത്തോടെ ഭരതനാട്യം തുടങ്ങിയ ക്ലാസിക് നൃത്തങ്ങളിൽ പരിശീലനവും നൽകുന്നുണ്ട്

പ്രീ പ്രൈമറി വിഭാഗത്തിൽ ഇൻഡോർപാർക്ക്, വിവിധ റൈഡുകൾ പ്ലേസ്റ്റേഷൻ തുടങ്ങിയവ ഉണ്ട്. ഭ വർണ്ണ കൂടാരം പദ്ധതിയുമായി ബന്ധപ്പെടുത്തി 13 കോർണറുകൾ സ്ഥാപിച്ചിരിക്കുന്നു. കളിക്കാനും

പഠിക്കാനും വിവിധ ശാരീരികശേഷികളും കഴിവുകളും നേടാനുമുള്ള എല്ലാവിധ സജ്ജീകരണങ്ങളും ലഭ്യമാണ്.

പരിമിതികൾ: പ്രത്യേകം കമ്പ്യൂട്ടർ ലാബ് ലഭ്യമല്ലാത്തതു മൂലം ഐ സി ടി പരിശീലനത്തിൽ ചില പരിമിതികൾ ഉണ്ടാകുന്നുണ്ട്. സ്മാർട്ട് ബോർഡുകൾ,  ഇൻറർ ആക്ടീവ് വൈറ്റ് ബോർഡ് ഇല്ല. ലൈബ്രറി, ശാസ്ത്ര ലാബ് ഇവയ്ക്കായി പ്രത്യേകം മുറിയില്ല എന്നത് ഒരു പരിമിതിയാണ്. കൂടുതൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെയും മറ്റും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഭൗതികം നേട്ടങ്ങളും പരിമിതികളും**: നിലവിൽ   ഡിവിഷൻ വർദ്ധിപ്പിക്കുന്നതിനുള്ള കുട്ടികൾ ഉണ്ടെങ്കിലും ക്ലാസ് മുറികളുടെ അഭാവം ഉണ്ട്. തകരഷീറ്റു മേൽക്കൂരയാണ് സ്കൂൾ കെട്ടിടത്തിന് ഉള്ളത് ക്ലാസ് മുറികൾ എല്ലാം ടൈലിട്ടതാണ്.   ഒപ്പം ലാപ്ടോപ്പ് പ്രൊജക്ടർ ഇവ മൂന്ന് ക്ലാസ് മുറികളിൽ ലഭിക്കുന്നു. രണ്ട് സ്മാർട്ട് ടിവികൾ ഉണ്ട്. എൽകെജി,ഒന്നാം ക്ലാസ് ഇവയിൽ എയർകണ്ടീഷൻ ക്ലാസ് മുറികളാണ്. എല്ലാ ക്ലാസ് മുറികളിലും ലൈബ്രറി ഒരുക്കിയിട്ടുണ്ട്. മെച്ചപ്പെട്ട നിലയിലുള്ള ടോയ്ലറ്റ് ബ്ലോക്ക്, വാട്ടർ ഫിൽട്ടർ, 5000 ലിറ്റർ ശേഷിയുള്ള ജലസംഭരണി തുടങ്ങിയവയുണ്ട് .മൂന്ന് പബ്ലിക് അഡ്രസ്സ് സിസ്റ്റം ലഭ്യമാണ്. നല്ല നിലയിൽ ഉച്ചഭക്ഷണം നൽകുന്നതിനുള്ള എല്ലാവിധ സാഹചര്യമുണ്ട്. പച്ചക്കറികൾ വിഷരഹിതമാക്കുന്നതിനായി ഓസോണൈസർ സംവിധാനം ഉപയോഗിക്കുന്നു. അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തുമ്പൂർമൂഴി മാലിന്യ സംസ്കരണ പ്ലാൻറ് നല്ല നിലയിൽ പ്രവർത്തിക്കുന്നു. പച്ചക്കറി അവശിഷ്ടങ്ങൾ വളമാക്കി മാറ്റുന്നതിനായി ബൊക്കാഷി ബക്കറ്റ് ഉപയോഗിക്കുന്നു. മലിനജല സംസ്കരണത്തിനായി സോക്ക് പിറ്റ് ഉണ്ട്. മനോഹരമായ ജൈവവൈവിധ്യ ഉദ്യാനം സ്കൂളിന്റെ പ്രത്യേകതയാണ്.

**പരിമിതികൾ**: സ്കൂൾ കെട്ടിടം പഴയതാണ്.ഫോൾസ് സീലിങ്ങുകൾ പുതുക്കി പണിയേണ്ടതുണ്ട്. സ്കൂളിനായി പുതിയ കെട്ടിടം അത്യാവശ്യമാണ്. ലാംഗ്വേജ് ലാബിന് ആവശ്യമായ ഉപകരണങ്ങളോ മുറിയോ ലഭ്യമല്ല. സ്കൂളിൽ ഭോജനശാല ഇല്ല. വലിയ ഓഡിറ്റോറിയത്തിന്റെ അപര്യാപ്തതയുണ്ട്. സ്കൂളിൽ പ്രൈവറ്റ് ഏജൻസികളുടെ വാഹനസൗകര്യമാണ് ഉള്ളത്. സ്വന്തമായി വാഹന സൗകര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. മുറ്റത്ത് കൂടുതൽ സ്ഥലത്ത് ടൈൽസ് ഇടേണ്ടതുണ്ട്കൂടുതൽ ക്ലാസ് മുറികൾ എയർകണ്ടീഷൻ ചെയ്യേണ്ടതുണ്ട്

**സാമൂഹ്യ നേട്ടങ്ങൾ:** വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്നതിന് കഴിയുന്നു. പിതാവ് നഷ്ടപ്പെട്ട ഒരു പൂർവവിദ്യാർത്ഥിക്ക് സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി വീട് നിർമ്മിച്ചു നൽകുകയുണ്ടായി. വിവിധ സ്കൂളുകളിലെയും കോളേജുകളിലെയും എൻഎസ്എസ് ക്യാമ്പുകൾ ഇവിടെ നടക്കാറുണ്ട്. കൃഷിത്തോട്ടം മുതലായവ തയ്യാറാക്കുന്നതിന് സ്കൂൾ മേൽനോട്ടം വഹിക്കുന്നു. നാടിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നാട്ടിലെ നേതൃത്വം നൽകുന്ന സ്ഥാപനമായി വിദ്യാലയത്തിന് വളരാൻ കഴിഞ്ഞു. ലൈബ്രറിയുമായി ബന്ധപ്പെടുത്തി വിവിധ പരിപാടികൾ നടത്തുന്നുണ്ട്. നിലവിൽ 10 പത്രങ്ങൾ ലഭ്യമാണ്

**<u>അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ</u>**

ഭാഷാശേഷിയുടെ വികസനം

ഗണിത ശേഷി വികസനം

ഇംഗ്ലീഷ് പഠനവും കമ്മ്യൂണിക്കേറ്റ് ഇംഗ്ലീഷും മെച്ചപ്പെടുത്തൽ

വായനശേഷി വർദ്ധിപ്പിക്കൽ

ശാസ്ത്രപോഷണം

പ്രതിഭകളെ പ്രോത്സാഹിപ്പിക്കൽ

ജൈവവൈവിധ്യപാർക്ക് മെച്ചപ്പെടുത്തൽ

സ്കോളർഷിപ്പ് പരിശീലനം

സ്കൂൾ ന്യൂസ് ചാനൽ

പഠന യാത്രകൾ

പത്രമാസികകൾ

എസ് ആർ ജി മെച്ചപ്പെടുത്തൽ

പ്രവൃത്തി പരിചയ പരിശീലനം

കലാ പോഷണം

വിശാലമായ പച്ചക്കറി തോട്ടം

വിവിധ ക്ലാസുകൾ വിദഗ്ധരുടെ കൗൺസിലിംഗ് സഹായം

വിവിധ ശില്പശാലകളും മെഡിക്കൽ ക്യാമ്പുകളും

ഭക്ഷണശാല മെച്ചപ്പെടുത്തൽ

സ്കൂൾ വിക്കി ഫലപ്രദമായി ഉപയോഗിക്കൽ

ലാംഗ്വേജ് ലാബ് സ്ഥാപിക്കൽ

കായിക പരിശീലനം

ഐടി പഠനം കാര്യക്ഷമാക്കൽ

കലോത്സവം

ക്ലാസ് പിടിഎകൾ ഫലപ്രദമാക്കുന്നതിനുള്ള നൂതനപ്രവർത്തനങ്ങൾ

ശാസ്ത്ര മേളകളിൽ കൂടുതൽ ഫലപ്രദമായ പരിശീലനക്ലാസുകൾ

അബാക്കസ് പരിശീലനം

## പവർത്തനം - വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | 1)ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ<br>2)ഹലോ ഇംഗ്ലീഷ് പ്രവർത്തനം കാര്യക്ഷമമാക്കൽ<br>3) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി<br>കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് | എല്ലാ ക്ലാസ്സും<br>ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ ഒരു ദിവസം | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ്<br>ബന്ധപ്പെട്ട ടീച്ചർ<br>കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടുതൽ ഉൾക്കൊള്ളിക്കൽ വായനക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ<br>സ്കിറ്റ് നാടകം സംഭാഷണം തുടങ്ങിയ രീതികൾ ഇംഗ്ലീഷ് ന്യൂസ് റീഡിങ് | ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ 2 ദിവസം | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് | |

**ഉപമേഖല മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളഭാഷ അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യനിർമാണം<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | എല്ലാ ദിവസവും | ബന്ധപ്പെട്ട ടീച്ചർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാർ ആക്കുക | ക്ലാസ് വായനക്കൂട്ടം<br>ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>സ്കൂൾ ലൈബ്രറി നവീകരണം<br>റീഡിങ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ<br>പത്രവായന<br>പത്രക്കുറിപ്പുകൾ തയ്യാറാക്കൽ<br>വായനാക്കാർഡുകൾ ഉണ്ടാക്കൽ | ഓരോ ടേമിലും<br>ആവശ്യത്തിന് അനുസരിച്ച | ഭാഷ അധ്യാപിക | SMC |

**ഉപമേഖല : പത്രവായന**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്രവായന പരിപോഷിപ്പിക്കുക | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br><br>ഓരോ ക്ലാസിലും ഓരോ പത്രം<br><br>പ്രധാന പത്രവാർത്തകളുടെ അവതരണം<br><br>പത്രക്വിസ് മത്സരം<br><br>സ്കൂൾ ചാനലിൽ ന്യൂസ് റീഡിങ് | ഒരു വർഷം<br><br>എല്ലാ ദിവസവും<br><br>എല്ലാ ദിവസവും | ക്ലാസ് ടീച്ചർമാർ<br><br>ചാനൽ ചുമതലയുള്ള അധ്യാപിക | സ്പോൺസർഷിപ്പ് |

**സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷി വികസനം | സാഹിത്യക്വിസ്<br><br>കവിതാലാപനം<br><br>വായനാനുഭവം പങ്കുവെക്കൽ<br><br>അമ്മമാർക്ക് ഒരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ<br><br>വെള്ളിയാഴ്ചത്തെ സർഗാത്മക പീരിയഡ്<br><br>ആഴ്ചയിൽ ഒരിക്കൽ | ക്ലാസ് ടീച്ചർമാർ<br><br>സാഹിത്യ ക്ലബ്ബ്<br><br>മ്യൂസിക് ടീച്ചർ<br><br>ലൈബ്രറി ചുമതലയുള്ള അധ്യാപിക | |

**ഉപമേഖല : ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധശേഷി കളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ കണ്ടെത്തുന്നു<br>അനുബന്ധ പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ഒരു വർഷം | എസ് ആർ ജി കൺവീനർ | എസ്എംസി |

**സ്കോളർഷിപ്പ് പരീക്ഷ പരിശീലനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പു കൾ മത്സര പരീക്ഷകളിലൂടെ ലഭ്യമാക്കൽ | **എൽഎസ്എസ് ഉൾപ്പെടെയുള്ള വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാലയംഉറപ്പുവരു ത്തൽ**<br>**മാതൃകാ പരീക്ഷകൾ സംഘടിപ്പിക്കൽ**<br>**പഠന സഹായികൾ എത്തിക്കൽ** | **എല്ലാദിവ സവും വെകിട്ട്**<br>**ശനിയാഴ് ചകൾ** | എസ് ആർ ജി കൺവീനർ മൂന്ന്,നാല് ക്ലാസിലെ അധ്യാപകർ | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി<br>ക്ലാസ് തല രക്ഷാകർതൃ സമിതി |

**ഉപമേഖല : പഠനയാത്രകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകൾ | പഠനയാത്രകളിലൂടെചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള ഇടങ്ങൾ സന്ദർശിക്കൽ<br>സയൻസ് മ്യൂസിയങ്ങൾ സന്ദർശിക്കുക<br>പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള യാത്രകൾ | വർഷത്തിൽ രണ്ട് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി |

**ഉപമേഖല : ക്ലാസ് പിടിഎ ശക്തിപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനം | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ക്ലാസ് പിടിഎ ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവും പോരായ്മകളും തിരിച്ചറിയുന്നതിനും കുട്ടികളെ പുരോഗതിയിലേക്ക് എത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുക | ക്ലാസ് പിടിഎ യോഗത്തോടൊപ്പം കുട്ടികളുടെ പഠന നേട്ടങ്ങളും പഠന തെളിവുകളും അവതരിപ്പിക്കൽ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പഠന തെളിവുകൾ രക്ഷിതാക്കളിലേക്ക് എത്തിക്കൽ പഠന പോരായ്മകളുടെ ചർച്ചയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തലും | ടേമിൽ 1 തവണ | ക്ലാസ് ടീച്ചർമാർ | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി |

**ഉപമേഖല : പ്രാദേശിക പി റ്റി എ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശിക പിറ്റിഎ രൂപീകരിക്കലും അക്കാദമിക കാര്യങ്ങളുടെ ചർച്ചയും പങ്കുവെക്കലും | പഠന തെളിവുകൾ പ്രാദേശികമായി അവതരിപ്പിക്കൽ<br>വിവിധ സ്ഥലങ്ങളിൽ കോർണർ പിറ്റിഎകൾ സംഘടിപ്പിക്കൽ<br>പ്രാദേശികമായി നടത്തുന്ന യോഗങ്ങളിൽ പഠന തെളിവുകൾ അവതരിപ്പിക്കൽ<br>അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>രക്ഷിതാക്കളുടെ നിർദ്ദേശങ്ങൾ<br>വിദ്യാഭ്യാസ വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ | വർഷ ത്തിൽ രണ്ട് തവണ | എസ് ആർ ജി<br>എസ് എം സി | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി |

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ**<br><br>**ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ**<br><br>**പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അനുരൂപീകരണ പഠനത്തിനുള്ള അവസരം** | **ശാസ്ത്ര കോർണർ നിർമ്മിക്കൽ**<br><br>**ശാസ്ത്ര തത്വങ്ങൾ ലളിത പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കാൻ അവസരം ഒരുക്കൽ**<br><br>**ശാസ്ത്ര മാസിക തയ്യാറാക്കൽ**<br><br>**ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ചുമർപത്രികകളും അനുബന്ധ നിർമ്മാണ വസ്തുക്കളും പ്രദർശിപ്പിക്കൽ**<br><br>**ഓരോ ക്ലാസ് തലത്തിലും സയൻസ് എക്സിബിഷൻ സംഘടിപ്പിക്കുക**<br><br>**മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും നൽകൽ**<br><br>**ടീച്ചർ കുട്ടി കുട്ടികുട്ടി എന്നിങ്ങനെ രണ്ടുതരത്തിലുള്ള പരിശീലനം** | ആഴ്ചയിലൊരിക്കൽ<br><br>വർഷം മുഴുവനും<br><br>വർഷത്തിൽ മൂന്ന് തവണ<br><br>വർഷം മുഴുവനും | സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ<br><br>ക്ലാസ് ടീച്ചർ<br><br>എസ് ആർ ജി കൺവീനർ | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി |

**ഊർജസംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാരമ്പര്യ ഊർജ്ജസ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തൽ<br><br>ഊർജസംരക്ഷണ പ്രവർത്തനങ്ങൾ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ് പാനൽ സ്ഥാപിച്ച് സ്കൂളിന് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ<br><br>ബോർഡുകൾ സ്ഥാപിക്കൽ<br><br>വിദഗ്ദ്ധരുടെ ക്ലാസുകൾ | ഒരു വർഷം | സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി | 5 ലക്ഷം ഗ്രാമ പഞ്ചായത്ത് |

**പരിസ്ഥിതി സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ<br><br>മാലിന്യങ്ങൾ തരംതിരിക്കൽ<br><br>ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ<br><br>ജലസംരക്ഷണപ്രവർത്തനം | **ജൈവവൈവിധ്യ പാർക്ക് വിലപ്പെടുത്തലും പൂന്തോട്ടം നിർമ്മിക്കലും പഠന പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ സ്കൂളിൽ തന്നെ ഒരുക്കൽ**<br><br>**വിവിധ തരത്തിലുള്ള മാലിന്യം തരംതിരിക്കൽ ഉപകരണങ്ങൾ സ്കൂളിൽ സ്ഥാപിക്കൽ**<br><br>**നിർദ്ദേശങ്ങൾ അടങ്ങിയ കുറിപ്പുകൾ പ്രദർശിപ്പിക്കുക ജലസംരക്ഷണവും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കുക** | ഒരു വർഷം | സയൻസ് ക്ലബ്<br><br>ശുചിത്വ ക്ലബ്ബ് | പിടിഎ |

**ഗണിതം:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ ലളിതമാക്കൽ<br><br>ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ<br><br>വീട്ടിൽ ഒരു കണക്കുപെട്ടി തയ്യാറാക്കൽ<br><br>ഗണിത മാസിക തയ്യാറാക്കൽ<br><br>ഗണിതശാസ്ത്രമേള യ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തൽ | ഗണിത വിജയം ഉല്ലാസഘടകം പ്രവർത്തനങ്ങൾ ഉപയോഗിച്ച് ലളിതാശയങ്ങളിൽ ലളിതമായി അവതരിപ്പിക്കുക<br><br>വർക്ക് സീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക<br><br>ഓരോ കുട്ടിയും ഗണിതാശയങ്ങൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ വസ്തുക്കൾ ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന ഉപയോഗിച്ച് ശേഖരിക്കുന്നു ലഭിക്കുന്നവ ശേഖരിച്ച് ഒരു ഗണിത ബോക്സ് തയ്യാറാക്കുന്നു. | ഒരു വർഷം | ഗണിത അധ്യാപക ർ | പിടിഎ |

**ഉപമേഖല : പ്രവൃത്തിപരിചയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തിപരിചയ പരിശീലനം | കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ<br><br>ഇതിനായി വിദഗ്ധരുടെ സഹായം ഉപയോഗപ്പെടുത്തൽ<br><br>നിർമ്മിക്കുന്ന വസ്തുക്കൾ വീട്ടിലും സ്കൂളിലും ഉപയോഗപ്പെടുത്തൽ | വർഷംമു ഴുവനും | പ്രവൃത്തി പരിചയ അധ്യാപിക<br><br>ശാസ്ത്ര ക്ലബ്ബ് | പിടിഎ |

**കലാരംഗം:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാപരിശീലനം നൽകൽ | ഡ്രോയിങ് ക്ലാസ്<br>മ്യൂസിക് ക്ലാസ്<br>ചെണ്ട പരിശീലനം<br>വയലിൻ പഠനം<br>നൃത്ത പഠനം<br>കലാ മികവുകളുടെ അവതരണം<br>കലോത്സവത്തിന് തയ്യാറെടുക്കൽ | ഒന്നും രണ്ടും ടേമുകൾ | വിവിധ അധ്യാപകർ ക്ലാസ് ടീച്ചർമാർ | രക്ഷാകർതൃ സമിതി |

**ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷിയും കായിക മികവുകളും വർദ്ധിപ്പിക്കൽ | വിവിധ കായിക ശേഷികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ കളികൾ നൽകൽ<br>കായിക മികവുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകാൻ<br>കായിക പരിശീലനത്തിന് ആവശ്യമായ വിവിധ ഉപകരണങ്ങൾ തയ്യാറാക്കലും വിതരണവും | എല്ലാദിവസവും സമയ ലഭ്യതയ്ക്ക് അനുസരിച്ച് | ക്ലാസ് ടീച്ചർമാർ കായിക അധ്യാപിക | വിദ്യാഭ്യാസ വകുപ്പ്<br>ഗ്രാമപഞ്ചായത്ത്<br>സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി |

**ക്ലാസ് മുറികളുടെ നവീകരണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് മുറികളുടെ നവീകരണം | എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിൽ എത്തിക്കുക<br>കൂടുതൽ പ്രൊജക്ടറുകൾ ലാപ്ടോപ്പ് ഇവ ഒരുക്കുക<br>ക്ലാസ് മുറികളുടെ ഫോൾസ് സീലിംഗ് പുനർനിർമ്മിക്കൽ<br>മൂന്ന് ഗ്ലാസ് മുറികളിൽ കൂടി എയർ കണ്ടീഷണറുകൾ സ്ഥാപിക്കൽ<br>ഇന്ററാക്ടീവ് സ്മാർട്ട് ബോർഡുകൾ | ഒരു വർഷം | **സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി** | ഗ്രാമപഞ്ചായത്ത്<br>എസ് എസ് കെ<br>എംഎൽഎ ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥികൾ<br>പൊതുസമൂഹം<br>സിഎസ്ആർ ഫണ്ടുകൾ |

**സ്കൂൾ മാഗസിൻ:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മാഗസിൻ തയ്യാറാക്കൽ | **കുട്ടികളിൽ നിന്നും വിവിധ സർഗാത്മക രചനകൾ ശേഖരിച്ച് ചിത്രങ്ങൾ കൂടി ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുക** | രണ്ടും മൂന്നും ടേമുകൾ | എസ് ആർ ജി<br>സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി | പൂർവ വിദ്യാർത്ഥികൾ<br>പരസ്യം<br>രക്ഷാകർതൃ സമിതിയുടെ സംഭാവന |

**ലാംഗ്വേജ് ലാബ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലാംഗ്വേജ് ലാബ് സ്ഥാപിക്കുക | ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനായി ഓഡിയോ വിഷൽ ലാബ് സ്ഥാപിക്കൽ<br>ആഴ്ചയിലൊരിക്കൽ പരിശീലനം നൽകൽ | | എസ് ആർ ജി<br>സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി<br>എസ് എം സി<br>ഇംഗ്ലീഷ് ക്ലബ്ബ് | സിഎസ്ആർ ഫണ്ട്<br>ഗ്രാമപഞ്ചായത്ത് |

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സേവനങ്ങൾ പ്രയോജനപ്പെടുത്തൽ | എഐ സഹായത്തോടെ ഇംഗ്ലീഷ് ഇംഗ്ലീഷ് പഠനം ഭാഷാ പഠനം ഇവ മെച്ചപ്പെടുത്തൽ സങ്കേതങ്ങളിൽ ഉള്ള പരിശീലനം | ഒരു വർഷം | ഇംഗ്ലീഷ് ക്ലബ്ബ്<br>എസ് ആർ ജി<br>സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി | സിഎസ്ആർ ഫണ്ട്<br>ഗ്രാമപഞ്ചായത്ത് |

## ഉപസംഹാരം:

കമുകുംചേരി ഗവൺമെൻറ് ന്യൂ എൽപിഎസിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു വർഷത്തെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവിധങ്ങളായ കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി പൊതുസമൂഹത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും എംഎൽഎ ക്ലബ്ബുകൾ ഓരോ വിദ്യാർത്ഥികൾ ഫണ്ടുകൾ സി എസ് ആർ തുടങ്ങിയവയുടെ സഹായവും പ്രതീക്ഷിക്കുന്നു.